**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 514** **30-01-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസൂത്രണ പദ്ധതികളുടെ ബില്ലുകൾ**

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ധനപ്രതിസന്ധി തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളെ ബാധിക്കാതെയിരിക്കുന്നതിന് എന്തു നടപടികളാണ് നിലവിൽ കൈക്കൊണ്ടിട്ടുള്ളത്; ഇതു കാരണം ആസൂത്രണ പദ്ധതികൾക്കുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രാദേശിക സർക്കാരുകൾക്കുള്ള **2023-24** സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിന്റെ ഒമ്പത് ഗഡുവും, സംരക്ഷണ (റോഡ് & റോഡിതര) ഫണ്ടിന്റെ രണ്ട് ഗഡുവും, വികസന ഫണ്ടിന്റെ രണ്ടു ഗഡുവും ഇതിനോടകം അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല |
| (ബി) | നടപ്പു സാമ്പത്തിക വർഷത്തിൽ ആസൂത്രണ പദ്ധതികൾക്ക് തദ്ദേശഭരണസ്ഥാപന പദ്ധതി വിഹിതമായി സംസ്ഥാന സർക്കാർ വകയിരുത്തിയ തുകയെത്ര; ഇതിൽ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചു; മുൻ സാമ്പത്തിക വർഷം അടിസ്ഥാനപ്പെടുത്തുമ്പോൾ നാളിതുവരെ ചെലവഴിച്ചതിന്റെ ശതമാനക്കണക്കിൽ വന്ന വ്യത്യാസമെത്ര; വിശദമാക്കുമോ; | (ബി) | 2023-24 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി 8258 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിത് വരെ (25 ജനുവരി 2024 വരെ) 34.08 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്. മുൻ സാമ്പത്തിക വർഷം അടിസ്ഥാന- പ്പെടുത്തുമ്പേൾ നാളിത് വരെ ചെലവഴിച്ചതിൽ **6.62** ശതമാനം കുറവ് വന്നിട്ടുണ്ട്. |
| (സി) | 2023 മാർച്ച് 31 ന് മുമ്പ് പാസ്സാക്കിയെടുക്കേണ്ട തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇപ്രകാരമുള്ള പദ്ധതികളുടെ അന്തിമ ബില്ലുകൾ സമർപ്പിച്ചിട്ടും ട്രഷറികളിൽ നിന്ന് ആയത് മാറി നൽകുന്നില്ല എന്ന ജനപ്രതിനിധികളുടെ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചു വരുന്നത്? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ **2022-23** സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ സമർപ്പിച്ചതും എന്നാൽ മാറിയെടുക്കാൻ കഴിയാതെ പോയതുമായ തുകകൾ സ്പിൽ ഓവറായി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ